# പതിനാലാം കേരള നിയമസഭ
## 10-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : T 6236** **2.04.2018 -ൽ മറുപടിയ്ക്ക്**

അതിരപ്പിള്ളി-വാഴച്ചാൽ ഇക്കോട്ടൂറിസം ഗൈഡുകളുടെ വേതന വർദ്ധനവ്

ചോദ്യം
ശ്രീ.ബി.ഡി. ദേവസ്സി :

ഉത്തരം
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അതിരപ്പിള്ളി-വാഴച്ചാൽ ഇക്കോ ടൂറിസം ഗൈഡുകളുടെ വേതന വർദ്ധനവിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ വർദ്ധിപ്പിച്ച വേതനം എത്രയാണെന്നും വർദ്ധനവ് എന്ന് മുതലാണ് പ്രാബല്യത്തിൽ വരുന്നതെന്നും അറിയിക്കുമോ; | (ബി) | ഇക്കോ ടൂറിസം മേഖലയിലെ ഗൈഡുകളുടെ പ്രതിഫലം 350 രൂപയായിരുന്നത് 01. 12.2017 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം 400 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | ഇക്കോ ടൂറിസം ഗൈഡുകളുടെ വേതന വർദ്ധനവ് സംബന്ധിച്ച കൃത്യമായ മാർഗ്ഗനിർദ്ദേശം സംസ്ഥാനതലത്തിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഗൈഡുകളായും മറ്റും പ്രവർത്തിക്കുന്ന VSS/EDC അംഗങ്ങളുടെ പ്രതിഫലം വർദ്ധിപ്പിക്കണമെന്ന ആവശ്യം പല സമിതികളിൽ നിന്നും സർക്കാരിനും , വനം വകുപ്പിനും ലഭിക്കുന്നുണ്ട്. ബന്ധപ്പെട്ട വന സംരക്ഷണ സമിതി അഥവാ വന വികസന ഏജൻസിക്ക് ലഭിക്കുന്ന വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഗൈഡുകൾക്ക് പ്രതിഫലം നൽകി വരുന്നത്. പ്രതിഫലം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ വന വികസന ഏജൻസികളുടെ ബഡ്ജറ്റിനുള്ളിൽ നിന്നുകൊണ്ട് മാത്രമേ സാദ്ധ്യമാക്കാനാകുകയുള്ളൂ. VSS/EDC കളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ വന വികാസ ഏജൻസി തലത്തിൽ സ്വീകരിക്കേണ്ടതുണ്ട്. ഗൈഡുകളുടെ പ്രതിഫലം വർദ്ധിപ്പിക്കാനുള്ള സാധ്യമായ എല്ലാ നടപടികളും കൈക്കൊള്ളുവാനായി വന വികാസ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ഡി) | പ്രസ്തുത മേഖലയിൽ ജി.എസ്.ടി. നടപ്പിലാക്കുന്നതിന് കേന്ദ്രീകൃത നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ? | | ജി.എസ്.ടി. നടപ്പിലാക്കുന്നത് സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (F,L&R) നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ